"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ബി ഇഎം ഹൈസ്കൂളിലെ ശ്രീമതി സിൻസി ഐസക്കിന്റെ 8/7/2016 മുതലുള്ള അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പുന:പരിശോധനാഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.1150/2022/GEDN തീയതി,തിരുവനന്തപുരം, 26-02-2022

---

പരാമർശം:-

1. പാലക്കാട് ബി ഇഎം ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജരുടെ 22/09/2021 തീയതിയിലെ പുന:പരിശോധനാഹർജി
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 04/02/2021 ഡിജിഇ/13601/2021- ഇഎം1 നമ്പർ കത്ത്.

ഉത്തരവ്

പാലക്കാട് ബി ഇഎം ഹൈസ്കൂളിലെ ശ്രീമതി സിൻസി ഐസക്കിന്റെ 8/7/2016 മുതലുള്ള അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ നിയമനം നിരസിച്ചതിനെതിരെ ടി സ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1 പുന:പരിശോധനാ ഹർജിയിന്മേൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പരാമർശം 2 റിപ്പോർട്ട് പരിശോധിച്ചതിൽ,

2. ബിഇഎം ഹൈസ്കൂളിലെ യു പി എസ്സ് റ്റി ശ്രീമതി ഡാർളി ജോസിന് എച്ച് എസ് ടി (എസ് എസ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ശ്രീമതി സിൻസി ഐസക്കിന് 8/7/2016 മുതൽ യു പിഎസ് ടി നിയമനം നൽകിതെന്നും യു പി എസ് ടി തസ്തികയിൽ സീനിയർ നിയമനാർത്ഥികളായ ശ്രീമതി ബിൻസി ജോർജിന്റെ 2/6/2014 തിയതിയിലെ നിയമനവും ശ്രീമതി ലൈച്ച മെറിൻ ചാക്കോയുടെ 1/6/2016 തിയതിയിലെ നിയമനവും അംഗീകരിക്കാത്തതിനാൽ ശ്രീമതി സിൻസി ഐസക്കിന്റെ 8.7/2016 തിയതിയിലെ നിയമനം, 10/10./2017 ലെ ബി 6/4082/2016/ കെ ഡിസ് ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായെന്നും ടി കാരണത്താൽ തന്നെ ഇതു സംബന്ധിച്ച അപ്പീൽ പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറും നിരസിക്കുകയുണ്ടായെന്നും മാത്രമല്ല കോർപ്പറേറ്റ് മാനേജർ, ശ്രീമതി ഡാർലി ജോസിന്റെ ലാവണം 1/6/2017 മുതൽ 30/3/2018 വരെ മാറ്റി ക്രമീകരിച്ച് നൽകണമെന്ന് കാണിച്ച് നൽകിയ ഉത്തരവ് അംഗീകരിച്ച ലഭിക്കാത്തതും ശ്രീമതി സിൻസി ഐസക്കിന്റെ നിയമനം അംഗീകരിക്കാത്തതിനു മറ്റൊരു കാരണമായെന്നും ശ്രീമതി ബിൻസി ജോർജിന്റെ 2/6/2014 തിയതിയിലെ നിയമനം 16/2/2019 തിയതിയിലെ ബി6./6963./2018/കെ ഡിസ് പ്രകാരവും ശ്രീമതി ലൈച്ച മെറിൻ ചാക്കോയുടെ 1/6/2016 മുതലുള്ള നിയമനം 25//4/2019 തിയതിയിലെ ബി 6/1359/2019 പ്രകാരവും അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും ശ്രീമതി ഡാർലി ജോസിന്റെ 1/6/2017 മുതൽ 30//3//2018 വരെയുള്ള യു പി എസ് ടി ആയുള്ള ലാവണം ഇഎംII/4889/2021/ഡിഡിസ് തീയതി 27/9//2021 പ്രകാരം തലശ്ശേരി ബിഇഎം എസിൽ ക്രമീകരിച്ചത് അംഗീകരിച്ച് ഉത്തരവായിട്ടുണ്ടെന്നും ആയതിനാൽ പാലക്കാട് ബി ഇ എം ഹൈസ്കൂൾ ശ്രീമതി സിൻസി ഐസക്കിന്റെ യു പി എസ് ടി തസ്തികയിലെ 8/7/2016 തീയതി മുതലുള്ള നിയമനം വ്യവസ്ഥാപിത ഒഴിവിലായതിനാൽ ആയത് അംഗീകരിക്കുന്നതിന് നിലവിൽ മറ്റ് തടസ്സവാദങ്ങൾ ഇല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ടി റിപ്പോർട്ട് വിശദമായി പരിശോധിച്ചു. പാലക്കാട് ബി ഇ എം ഹൈസ്കൂളിലെ ശ്രീമതി സിൻസി ഐസക്കിന്റെ 8/7/2016 മുതലുള്ള യു പി എസ് ടി നിയമനം ശ്രീമതി ഡാർളി ജോസിന് എച്ച് എസ്

ടി (എസ് എസ്) തസ്തികയിൽ സ്ഥാനക്കയറ്റം നൽകിയ വ്യവസ്ഥാപിത ഒഴിവിലായതിനാലും ശ്രീമതി ഡാർലി ജോസിന്റെ 1/6/2017 മുതൽ 30/3/2018 വരെയുള്ള യു പി എസ് ടി ആയുള്ള ലാവണം തലശ്ശേരി ബിഇഎം എസിൽ ക്രമീകരിച്ചത് ഇഎം॥/4889/2021/ഡിഡിസ് തീയതി 27/9//2021 പ്രകാരം അംഗീകരിച്ചതിനാലും ശ്രീമതി സിൻസി ഐസക്കിന്റെ സീനിയർ മാരുടെ എല്ലാം നിയമനം അംഗീകരിച്ച് നൽകിയിട്ടുള്ളതിനാലും ശ്രീമതി സിൻസി ഐസക്ക് ടി സ്കൂളിൽ 8/7/2016 മുതൽ തുടർച്ചയായി യു പി എസ് ടി ആയി ജോലിനോക്കിയിട്ടുണ്ടെന്നും ടിയാളെ ഉൾപ്പെടുത്താനുള്ള കുട്ടികളും അടിസ്ഥാന സൗകര്യവും ഉണ്ടെന്ന് ഉറപ്പ് വരുത്തിയും ടിയാൾ മറ്റെല്ലാ വിധത്തിലും യോഗ്യയും ടി നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിലും. 8/7/2016 മുതൽ അംഗീകരിച്ച് നൽകാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഹർജിക്കാരനായ പാലക്കാട് ബി ഇഎം ഹൈസ്കൂൾ കോർപ്പറേറ്റ് മാനേജർ സർക്കാരിൽ സമർപ്പിച്ച പരാമർശം 1പുന:പരിശോധനാ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PRIYA V K
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ. തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപ ഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
കോർപ്പറേറ്റ് മാനേജർ, ബി ഇഎം ഹൈസ്കൂൾ, പാലക്കാട്,
ശ്രീമതി സിൻസി ഐസക്ക്, അപ്പർ പ്രൈമറി സ്കൂൾ ടീച്ചർ.
ബി ഇഎം ഹൈസ്കൂൾ. പാലക്കാട്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ